## മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം ശുചിത്വമിഷൻ ഫോട്ടോഗ്രാഫി മത്സരം

ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനത്തിൽ മന്ത്രിമാർ നടത്തുന്ന മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യ പ്രഖ്യാപനവും പ്രതിജ്ഞയോട് അനുബന്ധിച്ച് പ്രാദേശികമായി നടത്തുന്ന ഗൃഹസന്ദർശനം, ശുചിത്വ സംഗമം, വിളംബര ജാഥ, കലാജാഥ, നാട്ടുകൂട്ടം, കുടുംബസംഗമം, ശുചിത്വ ഗാനസന്ധ്യ, സ്കിറ്റുകൾ, ശുചിത്വ ദീപസന്ധ്യ, പ്രാദേശികമായി സംഘടിപ്പിക്കുന്ന സ്വാപ്ഷോപ്പുകൾ, പാഴ്വസ്തു ശേഖരണം, ഗ്രീൻ പ്രോട്ടോകോൾ ചടങ്ങുകൾ, മറ്റ് നൂതന പരിപാടികൾ, ശുചിത്വവുമായി ബന്ധപ്പെട്ട അനുകരണീയ മാതൃകകൾ മുതലായവയുടെ ഫോട്ടോകളാണ് മത്സരത്തിനായി പരിഗണിക്കുന്നത്.

നിബന്ധനകൾ

1. സംസ്ഥാന ശുചിത്വമിഷനാണ് ഈ മത്സരം സംഘടിപ്പിക്കുന്നത്
2. മത്സരത്തിന്റെ വിഷയം ''മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം'' എന്നതാണ്
3. ''ഫ്രീഡം ഫ്രം വേസ്റ്റ്'' എന്ന ആപ്പ്, പ്ലേസ്റ്റോറിൽ നിന്ന് ഡൗൺലോഡ് ചെയ്ത് അതിലൂടെയും, suchitwamissionphotos@gmail.com എന്ന ഇമെയിൽ ഐഡിയിലൂടെയും ഫോട്ടോകൾ അയയ്ക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് 8281199014 എന്ന വാട്ട്സ് നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.
4. ലഭിക്കുന്ന എൻട്രികളിൽ നിന്ന് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഫോട്ടോകൾക്ക് യഥാക്രമം 25000/-, 15000/-, 10000/- രൂപ വീതം സമ്മാനം നൽകും.
5. കുറഞ്ഞത് 3 പേരടങ്ങിയ ഒരു ജഡ്ജിങ് കമ്മറ്റിയായിരിക്കും വിജയികളെ തീരുമാനിക്കുന്നത്. കമ്മറ്റിയിൽ ഒരു ചെയർമാനും 2 അംഗങ്ങളും ഉണ്ടായിരിക്കും. ഭൂരിപക്ഷ അഭിപ്രായ പ്രകാരമായിരിക്കും വിജയികളെ കണ്ടെത്തുക
6. എൻട്രികൾ അയയ്ക്കുന്നവർ ബന്ധപ്പെടേണ്ട ഫോൺ നമ്പറും, ഫോട്ടോയ്ക്ക് ഒപ്പം നൽകേണ്ടതാണ്.
7. മത്സരത്തിൽ എൻട്രികളായി ലഭിക്കുന്ന ഫോട്ടോഗ്രാഫുകൾ ശുചിത്വമിഷന് അവകാശപ്പെട്ടതാണ്.
8. എഡിറ്റ് ചെയ്ത ഫോട്ടോകൾ എൻട്രികളായി സ്വീകരിക്കുകയില്ല.
9. മത്സരവുമായി ബന്ധപ്പെട്ട് ഒരു വിധത്തിലുള്ള കത്തിടപാടുകളും അനുവദനീയമല്ല
10. കളർ ഫോട്ടോകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. കേടുപാടുകൾ പറ്റിയ ചിത്രങ്ങളും വിഷയവുമായി ബന്ധമില്ലാത്ത ചിത്രങ്ങളും മത്സരത്തിന് പരിഗണിക്കുന്നതല്ല. ലേസർ പ്രിന്റുകളും പാടില്ല.
11. ഒരാൾക്ക് 3 വ്യത്യസ്ത പരിപാടികളുടെ 3 എൻട്രികൾ അയയ്ക്കാം
12. മത്സരവുമായി ബന്ധപ്പെട്ട അന്തിമതീരുമാനം ശുചിത്വമിഷനായിരിക്കും.
13. ഫോട്ടോകൾ അയയ്ക്കുമ്പോൾ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം പരിപാടിയുമായി ബന്ധപ്പെട്ട് 2017 ആഗസ്റ്റ് 6 നും 16 നും ഇടയിൽ എടുത്തതാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഫോട്ടോയ്ക്ക് ഒപ്പം വിശദമായ അടിക്കുറിപ്പ് (പരിപാടിയുടെ പേര്, നടന്ന സ്ഥലം, പങ്കെടുത്ത വ്യക്തികൾ) ഉണ്ടായിരിക്കണം.

എക്സിക്യൂട്ടീവ് ഡയറക്ടർ
ശുചത്വമിഷൻ